**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 2977 13.10. 2011-ൽ മറുപടിക്ക്.**

**സായാഹ്ന കോടതികൾക്ക് മാത്രമായി ജീവനക്കാരെ നിയമിക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എ. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് സായാഹ്ന കോടതികൾ എവിടെയെല്ലാമാണ് നിലവിലുള്ളത് ; | : (എ) സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലായി 5 സായാഹ്നകോടതികൾ അനുവദിച്ചിട്ടുണ്ട്. |
| (ബി) സായാഹ്നകോടതികളിലെ പ്രിസൈഡിംഗ് ഓഫീസറെയും ജീവനക്കാരെയും എങ്ങനെയാണ് നിയമിച്ചിട്ടുള്ളത് ; | : (ബി) കേരള ജുഡീഷ്യൽ സർവ്വീസിലെ മുൻസിഫ്-മജിസ്ട്രേറ്റ് കേഡറിലുള്ള ഒരു മജിസ്ട്രേറ്റാണ് സായാഹ്നകോടതിയിൽ പ്രിസൈഡിംഗ് ഓഫീസറായി നിയമിക്കപ്പെടുന്നത്. അതാതു സ്റ്റേഷനുകളിലെ സിവിൽ കോടതികളിൽ നിന്നും ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികളിൽ നിന്നും ഓരോ ക്ലാർക്കിനെയും പ്യൂണിനെയും റൊട്ടേഷൻ അടിസ്ഥാനത്തിലാണ് സായാഹ്നകോടതികളിൽ വിന്യസിക്കുന്നത്. |
| (സി) ഉദ്യോഗസ്ഥരെ സായാഹ്ന-കോടതികൾക്ക് മാത്രമായി നിയമിക്കുന്നകാര്യം പരിഗണിക്കുമോ ? | : (സി) ഇക്കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ